വെൽഫെയർ ആഫീസറന്മാർ.

163. [37] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗവണ്മെൻറ് പ്രസ്സ്, തിരുവനന്തപുരം, ചവറ മിനറൽസ്, പി. ഡബ്ലിയു. ഡി., സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്ഷാപ്പുകൾ എന്നിവിടങ്ങളിൽ വെൽഫെയർ ആഫീസേഴ്സ് റൂൾസ് അനുസരിച്ച് നിശ്ചിത യോഗ്യതയുള്ളവരെ വെൽഫെയർ ആഫീസറന്മാരായി നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

ഉത്തരം.

തിരുവനന്തപുരം ഗവണ്മെൻറ് പ്രസ്സ്, സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്ഷാപ്പുകൾ എന്നിവിടങ്ങളിൽ വെൽഫെയർ ആഫീസേഴ്സ് റൂൾസ് അനുസരിച്ച് വെൽഫെയർ ആഫീസറന്മാരെ നിയമിച്ചിട്ടില്ല. ഇക്കാര്യത്തെപ്പറ്റി ഗവണ്മെൻറ് പുനരാലോചിച്ചുവരികയാണ്.

ചവറയിലുള്ള പി. ഡബ്ലിയു. ഡി. വർക്ഷാപ്പിൽ 500-ൽ കുറഞ്ഞ തൊഴിലാളികൾ മാത്രമേ പണിയെടുക്കുന്നുള്ളൂ. അതിനാൽ വെൽഫെയർ ആഫീസേഴ്സ് റൂൾസ് അതിനു ബാധകമല്ല. എങ്കിലും ഒരു വെൽഫെയർ ആഫീസറെ നിയമിക്കാനുള്ള നടപടികൾ എടുത്തുകഴിഞ്ഞിട്ടുണ്ട്. ചവറ മിനറൽസ് കൺസേൺസ് ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ പെട്ടതല്ല.

വെൽഫെയർ ആഫീസേഴ്സ് റിക്രൂട്ട്മെൻറ്

164. [38] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1948-ലെ ഫാക്ടറീസ് ആക്ട് സെക്ഷൻ 49 (2) 50 അനുസരിച്ച് 1952-ൽ പ്രസിദ്ധപ്പെടുത്തിയ വെൽഫെയർ ആഫീസേഴ്സ് റിക്രൂട്ട്മെൻറ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവ്വീസ് റൂൾസ് സംസ്ഥാനത്തു് ഇംപ്ലിമെൻറ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഫാക്ടറികളിൽ;

(ബി) ഈ റൂൾസിലെ സെക്ഷൻ 3 അനുസരിച്ച് 500 തൊഴിലാളികളോ അതിൽ കൂടുതലോ ഉള്ള ഫാക്ടറികളിൽ ഒരു വെൽഫെയർ ആഫീസറെയും, 2000-ൽ അധികം തൊഴിലാളികളുള്ള ഫാക്ടറികളിൽ ഒന്നിൽ കൂടുതൽ ആഫീസറേയും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ആറുമാസത്തിനകം നിയമിക്കണമെന്നുള്ള പ്രൊവിഷൻ ഈ റൂൾസ് അനുസരിച്ച് വെൽഫെയർ ആഫീസറന്മാരെ ഇതിനകം നിയമിച്ചിട്ടില്ലാത്ത സഹകാരിഫാക്ടറികളും, സർക്കാർ ആളിമുഖത്തിൽ നടത്തുന്ന ഫാക്ടറികളും ഏതെല്ലാം; അങ്ങിനെ നിയമിക്കാത്ത ഫാക്ടറി മാനേജ്മെൻറിന്റെ പേരിൽ നടപടി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; ഫാക്ടറികളുടെ കാര്യത്തിൽ എന്തെല്ലാം നടപടികൾ എടുത്തു; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) വെൽഫെയർ ആഫീസേഴ്സ് റിക്രൂട്ടുമെന്റ് ആൻഡ് കണ്ഡിഷൻസ് ആഫ് സർവ്വീസ് റൂൾസ് എഴ്ഫാക്ടറികളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഫാക്ടറികളുടെ ലിസ്റ്റ് † അനുബന്ധം എ ആയി ചേർത്തിട്ടുണ്ട്.

(ബി) പ്രൈവറ്റ് സെക്ടറിലും പബ്ലിക്ക് സെക്ടറിലും ഉള്ള ഫാക്ടറികളുടെ ലിസ്റ്റ് യഥാക്രമം ബി. സി. † അനുബന്ധങ്ങളിലായി ചേർത്തിട്ടുണ്ട്; വെൽഫെയർ ആഫീസറന്മാരെ നിയമിക്കാത്ത മാനേജ്മെന്റുകളുടെ പേരിൽ നടപടി നടത്തിയിട്ടില്ല. നടപടി നടത്തുന്നതിനാവശ്യമായ വസ്തുതകൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

കഥാപ്രസംഗ കോളേജും കഥകളി പരിശീലനവും.

165. (39) ശ്രീ. കെ. പി. ഹോർമിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഥാപ്രസംഗ കോളേജിനെപ്പറ്റി കുന്നത്തുനാട്–ചാലക്കുടി, പ്രോജക്ടിനു ഒരു സ്കീം ലഭിച്ചിട്ടുണ്ടോ; അതിന്മേൽ എന്തു നടപടി നടത്തി;

(ബി) വല്ല വിവരവും ഈ രണ്ടു വർഷമായിട്ടും പദ്ധതിനൽകിയ ആളെ അറിയിച്ചിട്ടുണ്ടോ;

(സി) കഥകളി പരിശീലിപ്പിക്കാൻ നൽകിയ പദ്ധതിക്കു് എന്തു നടപടിയുണ്ടായി?

ഉത്തരം

(എ) ഉണ്ട്. പദ്ധതിയിൽ വിഭാവനചെയ്തിട്ടുള്ള സ്ഥാപനം കൊണ്ടു് കാര്യമായ പ്രയോജനമുണ്ടാകുമെന്നു് ഗവണ്മെന്റിനു് ബോദ്ധ്യമാകാത്തതിനാൽ ഗവണ്മെന്റ് ആ പദ്ധതി സ്വീകരിക്കുകയുണ്ടായില്ല.

(ബി) ശ്രീ. കൈമാപ്പറമ്പൻ തന്റെ പദ്ധതി ഔപചാരികമായി സമർപ്പിച്ചതു് കുന്നത്തുനാട്–ചാലക്കുടി പ്രോജക്ടു് ആഫീസർക്കാണു്. ഗവണ്മെന്റിന്റെ തീരുമാനം പ്രോജക്ടു് ആഫീസറെ അറിയിച്ചിട്ടുണ്ടു്.

(സി) ഒരു സംഘടനയായി രജിസ്റ്റർ ചെയ്യുക, അതുകൊണ്ടു വേണ്ടി വരുന്ന മൂലധനത്തിന്റെ (12,000 രൂപയുടെ) നേർപകുതി ആ സംഘടനതന്നെ ഉണ്ടാക്കുക എന്നീ വ്യവസ്ഥകൾക്കു വിധേയമായി 5000 (അയ്യായിരം) രൂപാ ഗ്രാന്റ് നൽകുന്നതിനു് അനുവദിച്ചു.

Causeway at Mangaud Crossing.

166 [42] SHRI R. PONNAPPA NADAR: Will the Chief Minister be pleased to state:

(*a*) When was the causeway at Mangaud crossing sanctioned under Neyyattinkara-Vilavancode Community Project;

(*b*) whether tenders were invited and the work arranged;

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly